6597
3/4/19

"ഭരണഭാഷ മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ്- ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ- വാർഷിക വരുമാനം കണക്കാക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**കൃഷി (ആസൂത്രണം-ബി) വകുപ്പ്**

സ.ഉ (കൈ) നമ്പർ. 39/2019/കൃഷി തീയതി, തിരുവനന്തപുരം, 06/03/2019

==========================================================================

പരാമർശം :- 1) 03.03.2017 ലെ സ.ഉ (എം.എസ്) 28/2017/കൃഷി നമ്പർ സർക്കാർ ഉത്തരവ്.
2) 07.07.2017- ലെ സ.ഉ (എം.എസ്) 84/2017/കൃഷി നമ്പർ സർക്കാർ ഉത്തരവ്.

**ഉത്തരവ്**

ചെറുകിട നാമമാത്ര കർഷകർക്കുള്ള പെൻഷൻ പദ്ധതി പ്രകാരം പെൻഷൻ വാങ്ങുന്നവരിലെ അനർഹരെ ഒഴിവാക്കി അർഹരായവർക്ക് മാത്രം കർഷക പെൻഷൻ നൽകുന്നതിന് പരാമർശം (1), (2) പ്രകാരം പെൻഷൻ നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം (1)- ലെ ഉത്തരവ് പ്രകാരം കർഷക പെൻഷൻ ലഭിക്കുന്നതിന് കർഷകന്റെ വാർഷിക വരുമാനം ഒന്നര ലക്ഷം രൂപയിൽ താഴെയായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കർഷകന്റെ വാർഷിക വരുമാനം കണക്കാക്കുന്നത് സംബന്ധിച്ച് ആശയക്കുഴപ്പം ഉണ്ടാവുകയും വിഷയം സംബന്ധിച്ച് നിരവധി പരാതികൾ സർക്കാരിൽ ലഭിക്കുകയുമുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കർഷക പെൻഷൻ ലഭിക്കുന്നതിന് കർഷകന്റെ വാർഷിക വരുമാനം കണക്കാക്കുമ്പോൾ കർഷകന്റെ/ കർഷകയുടെ വാർഷിക വരുമാനവും അവരുടെ ജീവിത പങ്കാളിയുടെ വാർഷിക വരുമാനവും മാത്രം പരിഗണിച്ചാൽ മതിയെന്നും ഇതു രണ്ടും ചേർത്തുള്ള വാർഷിക വരുമാനം ഒന്നര ലക്ഷം രൂപയിൽ താഴെയായിരിക്കണമെന്ന സ്പഷ്ടീകരണം നൽകി ഇതിനാൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ ഉത്തരവ് തീയ്യതി മുതൽ ഇതിനു പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. സാബിർ ഹുസൈൻ**
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും (കൃഷി ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരളം,തിരുവനന്തപുരം.

എല്ലാ ജില്ലാ കളക്ടർമാർക്കും.
ധനകാര്യ (അഗ്രിവിംഗ്-ബി) വകുപ്പ് (04.01.2018- ലെ അഗ്രി-ബി1/63/2017-ധന പ്രകാരം)
റവന്യൂ (റ്റി) വകുപ്പ് (13.12.2017- ലെ റവ-റ്റി2/307/2017-റവ പ്രകാരം)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (ഗവൺമെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ